കേരള സർക്കാർ

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# എഴുകോൺ ഗ്രാമപഞ്ചായത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-കെ.എൽ.എം-പി 3- 40/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കൊല്ലം
തീയതി 14.2.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എഴുകോൺ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : എഴുകോൺ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എഴുകോൺ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-5 ഖണ്ഡികയിലേക്കും ഭാഗം 3ലെ 3-11, 3-13 ഖണ്ഡികകളിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്(കേരള പഞ്ചായത്ത് രാജ്-പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-കെ.എൽ.എം-പി 3- 40/17 തീയതി-14.02.2017

കൊല്ലം ജില്ലയിലെ എഴുകോൺ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ എഴുകോൺ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 19.11.2016. തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി. ഗീത .എം<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 21.11.2016മുതൽ 28.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.നവീൻ ചന്ദ്രൻ | ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.ഷീജ.ആർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.രതീഷ്.ആർ | സീനിയർ ഗ്രേഡ് |

| | | | |
|---|---|---|---|
| | | | ഓഡിറ്റർ |
| | | ശ്രീമതി.സുനിത സെബാസ്റ്റ്യൻ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.ആർ.ഹരികുമാർ | 01.04.2015മുതൽ 31.10.2015വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015 മുതൽ 18.11.2015 വരെ |
| | ശ്രീ.മതി.കെ.ശ്രീലത | 19.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | :ശ്രീ.പി.എം.ജോസഫ് | 01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.മേരികുട്ടി.എം | 01.04.2015 മുതൽ 20.08.2015 വരെ |
| | ശ്രീ.കോശി ഉമ്മൻ | 21.08.2015മുതൽ 31.03.2016വരെ |
| വെറ്റിനറി സർജൻ | ഡോ.എസ്.ശിവപ്രസാദ് | 01.04.2015മുതൽ 31.03.2016വരെ |
| കൃഷി ഓഫീസർ | ശ്രീമതി.പി.മായ | 01.04.2015മുതൽ 29.07.2015വരെ |
| | ശ്രീമതി.രേണു.സി.നായർ | 30.07.2015മുതൽ 31.03.2016വരെ |

| | | |
|---|---|---|
| വി. ഇ. ഒ (എ സർക്കിൾ) | ശ്രീ.സന്തോഷ്.ആർ | 01.04.2015മുതൽ 31.03.2016വരെ |
| വി. ഇ. ഒ (ബി സർക്കിൾ) | ശ്രീ.ബിന്ദ ഫ്രൻസിസ് | 01.04.2015മുതൽ 31.03.2016വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ഗിരിജ ഭായി | 01.04.2015മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്. സി | ഡോ.അനൂപ് | 1.4.15മുതൽ5. 6.15വരെ |
| | ഡോ.കോളിൻ ഡെഡ്മണ്ട് ഫെർണാണാണ്ടസ് | 6.6.2015മുതൽ 6.8.15വരെ |
| | ഡോ.അനൂപ് | 7.8.15 മുതൽ31.3.16വരെ |
| ഹെഡ്മിസ്ട്രസ് | ആനിയമ്മ ശാമുവേൽ | 01.04.2015മുതൽ 31.03.2016വരെ |
| അസി.എൻജിനിയർ | പി.അജയകുമാർ | 01.04.2015മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.സൂസൻ ബ്രൂണോ | 1.4.2015മുതൽ 15.9.2015വരെ |
| | ഡോ.ഷിബി വൽസൺ | 15.9.2015മുതൽ 30.12.2015വരെ |
| | ഡോ.കെ.എസ്.പ്രമോദ് കുമാർ | 30.12.15മുതൽ31.1.16 വരെ |
| | ഡോ.സൂസൻ ബ്രൂണോ | 1.2.2016മുതൽ31.3.16 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | തനത് വരുമാനം -രണ്ട് അക്കൗണ്ടുകൾ സൂക്ഷിക്കുന്നു | 2-1 |
| 13 | തൊഴിൽ നികുതി-അപാകതകൾ | 2-2 |
| 14 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-3 |
| 15 | വാടക തുക-8837/-രൂപ ഈടാക്കാൻ അവശേഷിക്കുന്നു | 2-4 |
| 16 | മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയിട്ടില്ല | 2-5 |
| | ഭാഗം 3 | |

| | | |
|---|---|---|
| 17 | വിനിയോഗ രേഖകൾ ലഭ്യമാക്കിയില്ല. | 3-1 |
| 18 | ഗുണഭോക്തൃസമിതികൾ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമല്ല- | 3-2 |
| 19 | ചിറക്കോണം – മാമ്പഴത്തോട്ടം റോഡ് കോൺക്രീറ്റിംഗ് -ഗുണഭോക്തൃ സമിതി നടപ്പിലാക്കിയ പ്രവൃത്തി- രേഖകളുടെ അഭാവത്തിൽ 1,44,215/-രൂപ തടസ്സപ്പെടുത്തുന്നു - | 3-3 |
| 20 | വിനിയോഗ രേഖകൾ ലഭ്യമാക്കിയില്ല. | 3-4 |
| 21 | വാർഷിക വരുമാനം 50000/-കടന്നവർക്ക് ലാപ് ടോപ്പ് നൽകി-തുക നിരാകരിക്കുന്നു 45800/-രൂപ | 3-5 |
| 22 | പഠിക്കുന്ന കോഴ്സിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു 22900/-രൂപ | 3-6 |
| 23 | വാങ്ങിയ ലാപ് ടോപ്പ് വിതരണം ചെയ്തില്ല.തുക നിരാകരിക്കുന്നു രൂപ 22900/- | 3-7 |
| 24 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.തുക തടസ്സപ്പെടുത്തുന്നു 344951/-രൂപ | 3-8 |
| 25 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു 12800/-രൂപ | 3-9 |
| 26 | പിൻവലിച്ച തുക മുഴുവൻ വിനിയോഗിച്ചില്ല.1029/-രൂപ നിരാകരിക്കുന്നു | 3-10 |
| 27 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് സംബന്ധിച്ച് | 3-11 |
| 28 | ആയുർവ്വേദ ഡിസ്പെൻസറിക്ക് വാട്ടർ കണക്ഷൻ - 3587/-രൂപ നിരാകരിക്കുന്നു. | 3-12 |

| | | |
|---|---|---|
| | | |
| 29 | സ്വന്തം കെട്ടിടം ഉള്ള അംഗൻവാടികളുടെ ഭൂമി പഞ്ചായത്തിൻറെ ആസ്തിയായിട്ടില്ല | 3-13 |
| 30 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ രേഖ ഹാജരാക്കിയില്ല | 3-14 |
| 31 | ഉപയോഗശൂന്യമായ ട്രാക്ടർ എഴുകോൺ-കുണ്ടറ റോഡ് സൈഡിൽ-ലേല നടപടികൾ സ്വീകരിക്കുന്നില്ല | 3-15 |
| 32 | പുറമ്പോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 3-16 |
| 33 | ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിക്കുന്നില്ല –M-Asset മൊബൈൽ ആപ്ലിക്കേഷനിലേയ്ക്കുള്ള ആസ്തി വിവരങ്ങൾ ശേഖരിച്ചിട്ടില്ല | 3-17 |
| 34 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 3-18 |
| 35 | ഗുണഭോക്തൃസമിതികൾ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ യഥാർഥ ചെലവിലധികരിച്ച് തുക അനുവദിച്ചു-നഷ്ടം 84,192/-രൂപ | 3-19 |
| | ഭാഗം 4 | |
| 36 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 37 | ഡെപ്പോസിറ്റ് വർക്കിന് ൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 39 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 40 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 41 | ഓഡിറ്റ് റിക്കവറി | 4-6 |
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് | 4-7 |

| | | |
|---|---|---|
| | ഖണ്ഡികകളുടെ വിശദാംശം. | |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


## ഭാഗം 1

## പൊതു അവലോകനം

### 1-1. ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 30.03.2015 തീയതിയിലെ I-ാം തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും

തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 15.07.2016 | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 25.11.2016 | - |

1.മുൻ വർഷത്തേതുൾപ്പടെയുള്ള ആസ്തിയുടെ മൂല്യം തിട്ടപ്പെടുത്തി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2.ബജറ്റ് ഫങ്ഷൻ-ഫങ്ഷനറി അടിസ്ഥാനത്തിലല്ല തയ്യാറാക്കിയിട്ടുള്ളത് എന്നതിനാൽ സാംഖ്യാ അക്കൗണ്ട്സുമായി തുലനം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

3.സംയോജിത പ്രോജക്ടുകൾക്ക് മറ്റ് തദ്ദേശസ്ഥാപനങ്ങൾ ഫണ്ട് ലഭ്യമാക്കിയത് ഡി.ഡി.മുഖേനയാണ്. ആയതിനാൽ സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല.

4.സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ടുകളിൽ നിന്ന് ഈടാക്കുന്ന വാറ്റ്, ആദായനികുതി, ക്ഷേമനിധി വിഹിതം ഇവ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

6.വാർഷിക കണക്കുകളും രജിസ്റ്ററും തമ്മിൽ താഴെ പറയുന്ന ഇനങ്ങളിൽ വ്യത്യാസം കാണുന്നു.

| ഇനം | വാർഷിക കണക്ക് പ്രകാരം | | | രജിസ്റ്റർ പ്രകാരം | | |
|---|---|---|---|---|---|---|
| | ഡിമാൻറ് | കളക്ഷൻ | ബാലൻസ് | ഡിമാൻറ് | കളക്ഷൻ | ബാലൻസ് |
| കെട്ടിട നികുതി | 2472243 | 1557469 | 914774 | 3049829 | 1557469 | 1492360 |
| കെട്ടിട നികുതി (കുടിശിക) | - | 546756 | 160578 | 2186156 | 546756 | 1639400 |

| | | | | | | |
|---|---|---|---|---|---|---|
| വാടക | 906624 | 920331 | 40311 | 906624 | 866313 | 40311 |
| മാർക്കറ്റ് വരവ് | 592000 | 592000 | - | 598930 | 598930 | - |
| മേലാദായം | - | 5500 | 12520 | 5545 | 5545 | - |

6.വിവിധ നിർവഹണ ഉദ്യോഗസ്ഥരുടെ ബാങ്ക് അക്കൗണ്ടുകളിൽ 31.3.16 ൽ ബാലൻസ് തുകകൾ അവശേഷിക്കുന്നു.വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | അക്കൗണ്ട് നമ്പർ | തുക |
|---|---|---|---|
| 1 | അസി.സെക്രട്ടറി | 23768,<br>ഐ.ഒ.ബി എഴുകോൺ | 1340 |
| 2 | അസി.എൻജിനിയർ | 15543,<br>ഐ.ഒ.ബി എഴുകോൺ | 3603048.5 |
| 3 | വി.ഇ.ഒ, സർക്കിൾ എ | 13530,<br>ഐ.ഒ.ബി എഴുകോൺ | 41782 |
| 4 | വി.ഇ.ഒ, സർക്കിൾ ബി | 13527,<br>ഐ.ഒ.ബി എഴുകോൺ | 353536 |
| 5 | ഹെഡ്മാസ്റ്റർ | 14981,<br>ഐ.ഒ.ബി എഴുകോൺ | 14637 |
| 6 | കൃഷി ഓഫീസർ | 13537,<br>ഐ.ഒ.ബി എഴുകോൺ | 12486.5 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13529,<br>ഐ.ഒ.ബി എഴുകോൺ | 11203 |
| 8 | വെറ്റിനറി സർജൻ | 13531,<br>ഐ.ഒ.ബി എഴുകോൺ | 39151 |
| 9 | എം.ഒ, പി.എച്ച്.സി | 18992,<br>ഐ.ഒ.ബി എഴുകോൺ | 38000 |
| 10 | എം.ഒ, ആയുർവേദം | 13566<br>ഐ.ഒ.ബി എഴുകോൺ | 1322 |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -18435630/-രൂപ

വരവ് -44217045/-രൂപ

ആകെ -62652675/-രൂപ

ചെലവ് -48411554/-രൂപ

നീക്കിയിരിപ്പ്-14241121/-രൂപ

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി-യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതു വിഭാഗം | 867891 | 3954109 | 4822000 | 4822000 | 0 | 100% |
| വികസന ഫണ്ട് എസ്.സി.പി. | 2442636 | 6007890 | 8450526 | 8450526 | 0 | 100% |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 0 | | 0 | | - |
| സംരക്ഷണ ഗ്രാന്റ് റോഡ് | 141283 | 4478757 | 4620040 | 4620040 | 0 | 100% |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 822672 | 2128787 | 2869060 | 2869060 | 0 | 100% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 727429 | 4662931 | 5390360 | 5390360 | 0 | 100% |
| പെർഫോമൻസ് ഗ്രാന്റ് | 2852000 | 2195986 | 5047986 | 5047986 | 0 | 100% |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| എം.എൻ.ആർ. ഇ.ജി.എസ്. | 21556 | 19370252 | 19391808 | 19387427 | 4381 | 99.97 |
| ബി ഫണ്ട് | | 20883930 | 20883930 | 20883930 | | 100% |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാ-ത്തവ (എണ്ണം) | പൂർത്തീ-കരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 196 | 49544469 | 158 | 33759892 | 25 | 13 | 80.61 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 10.75 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5145852 | 4959795 | (-)186057 | (-)3.75 |
| നികുതിയേതര വരവുകൾ | 1659237 | 2063966 | (-)404729 | (-)19.6 |
| മറ്റുവരവുകൾ | 6949204 | 7498528 | 549324 | 7.3 |
| ആകെ | 13754293 | 14522289 | 767996 | 5.3 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 345420 | 208 |
| കർഷക തൊഴിലാളി പെൻഷൻ | 1062870 | 132 |
| വിധവാ പെൻഷൻ | 8996600 | 890 |
| വാർദ്ധക്യ കാലപെൻഷൻ | 7399110 | 910 |
| വികലാംഗ പെൻഷൻ | 2584790 | 246 |
| വിധവകളുടെ മക്കളുടെ വിവാഹ ധനസഹായം | 150000 | 5 |
| 50 വയസിന് മുകളിൽ പ്രായമായ അവിവാഹിതകളുടെ പെൻഷൻ | 348800 | 37 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)- വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.11.2016 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയില് 1574/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല. കെട്ടിട നികുതി സംബന്ധമായ രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. കൂടാതെ സഞ്ചയ സോഫ്റ്റ് വെയറിൽ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 01.11.2016 | 2016 സെപ്റ്റംബർമാസം | ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.02.2015 മുതൽ 12.03.2015 വരെ | 2009-10 മുതൽ 2013-14 വരെ | 20.05.2015 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 തനത് വരുമാനം -രണ്ട് അക്കൗണ്ടുകൾ

തനത് വരുമാനത്തിൻറ ഇടപാടുകൾക്കായി ട്രഷറി അക്കൗണ്ടിന് പുറമേ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ട് സൂക്ഷിക്കാവുന്നതാണ്. ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ നില നിർത്തരുതെന്ന് 58725/എഫ്.എം.3 2008/തസ്വഭവ/26-5-11 നം. സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇൻഡ്യൻ ഓവർസീസ് ബാങ്കിലും (അക്കൗണ്ട് നം. 030301000023070) എഴുകോൺ സർവ്വീസ് കോ -ഓപ്പറേറ്റീവ് ബാങ്കിലും തനത് ഫണ്ട് ഇടപാടുകൾക്കായി അക്കൗണ്ട് നിലനിൽക്കുന്നു.ഒരു അക്കൗണ്ട് ക്ലോസ് ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 2-2 തൊഴിൽ നികുതി-അപാകതകൾ

2015-16 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ കാണുന്നു

1.ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയതിൽ കുറവ്

| സ്ഥാപനത്തിൻെറ പേര് | ജീവനക്കാരൻെറ പേര് (തസ്തിക) | ഒന്നാം അർദ്ധവാർഷിക വരുമാനം | തൊഴിൽ നികുതി അടച്ചത് | തൊഴിൽ നികുതി അടയ്ക്കേണ്ടത് | കുറവ് |
|---|---|---|---|---|---|
| സതേൺ റയിൽവേ സോൺ,എഴുകോൺ | ബി.മനോഹരൻ പിള്ള (റ്റി.എം.-4) | 127133 | 1000 | 1250 | 250 |

2.അർദ്ധവാർഷിക വേതനത്തോടൊപ്പം ബോണസ് ഉൾപ്പെടുത്താത്തതിനാൽ നികുതി കുറവായി ഈടാക്കിയത്

| സ്ഥാപനത്തിൻെറ പേര് | ജീവനക്കാരൻെറ പേര് (തസ്തിക) | രണ്ടാം അർദ്ധവാർഷിക വേതനം + ബോണസ് | തൊഴിൽ നികുതി അടച്ചത് | തൊഴിൽ നികുതി അടയ്ക്കേണ്ടത് | കുറവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ടെക്നിക്കൽ ഹൈസ്കൂൾ, എഴുകോൺ | പുഷ്പലത.റ്റി (പി.റ്റി.എസ്.) | 59676 + 3500 = 631676 | 450 | 600 | 150 |

3.എഴുകോണിലെ എസ്സ്.എൻ.വിദ്യാപീഠത്തിലെ ജീവനക്കാരുടെ രണ്ടാം അർദ്ധ വാർഷിക തൊഴിൽ നികുതി ഒടുക്കിയിട്ടില്ല

4.താഴെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല

a.ബി.എസ്സ്.എൻ.എൽ, ഇരുമ്പനങ്ങാട്

b.എസ്സ്.എൻ.ഗുരു സെൻട്രൽ സ്കൂൾ, എഴുകോൺ

c.ശ്രീ.ശ്രീ.അക്കാഡമി, കൊച്ചാല്ലുംമൂട്

പ്രസ്തുത അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29-11-16) തുക ഈടാക്കി അറിയിക്കാം എന്ന് മറുപടി നൽകിയിട്ടുണ്ട്. പഞ്ചായത്തിൻെറ വരവിനത്തിൽ നഷ്ടമായ തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-3 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഡി ആൻറ് ഓ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ 2015-16 സാമ്പത്തിക വർഷത്തിൽ ചുവടെ പറയുന്ന സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചതായി കാണുന്നു. എന്നാൽ പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.ജയലാഷ് കാഷ്യൂ ഫാക്ടറി, പരുത്തംപാറ, വാർഡ്-16/381

2.മംഗൽ കാഷ്യൂ ഫാക്ടറി, കാരുവേലിൽ, വാർഡ്-1/644, 645, 679, 680, 681

3.ഷാരോൺ കാഷ്യൂ ഇൻഡസ്ട്രീസ്, കോളന്നൂർ, വാർഡ്-8/398 മുതൽ 406വരെ

4.വടക്കതിൽ കാഷ്യൂ, വാർഡ്- 17/49 മുതൽ 56വരെ

5.ടേസ്റ്റി നട്ട്സ് ആൻറ് ഇൻഡസ്ട്രീസ്, വാർഡ്-4/638 മുതൽ 643വരെ

6.പനച്ചമൂട്ടിൽ മോട്ടോഴ്സ്, നെടുമ്പായിക്കുളം, വാർഡ്-11/188

ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാണ്. ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-4 വാടകതുക -8837/-രൂപ ഈടാക്കാൻ അവശേഷിക്കുന്നു

എഴുകോൺ ഗ്രാമപഞ്ചായത്തിൻെറ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ളക്സ് നം. 50 ൽ സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസ് പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സ്ഥാപനത്തിൻെറ വാടകയുമായി ബന്ധപ്പെട്ട ഇ4-290/14 നം ഫയലിൽ നിന്നും ലഭിച്ച വിവരങ്ങൾ ചുവടെ

ചേർക്കുന്നു.

| വർഷം | പ്രതിമാസ വാടക | പ്രതിവർഷം വാടക (തുക + പിഴപ്പലിശ) | വാടക തുക |
|---|---|---|---|
| 2013-14 | 1802 | (1802x12)+4703 | 26327 |
| 7/2014 വരെ | 1892(5%വർദ്ധനവ്) | (1892x4)+594 | 8162 |
| 8/2014 മുതൽ 3/2015 വരെ | 1892 | 1892x8 | 15136 |
| 2015-16 | 1987(5%വർദ്ധനവ്) | 1987x12 | 23844 |
| | | ആകെ വാടക തുക | 73469 |

2013-14 മുതൽ വാടക തുക കുടിശ്ശികയായിരുന്നു.18-7-2014ലെ ഡി.ഡി.നം. 424616 പ്രകാരം കൊല്ലം റൂറൽ ജില്ലാ പോലീസ് ചീഫിൽ നിന്നും 64632/-രൂപ ലഭിച്ചു. ആയതിൻപ്രകാരം 7/2014 വരെയുള്ള വാടക കുടിശ്ശിക 34489/- രൂപ പിഴപ്പലിശ സഹിതം ഈടാക്കി. ബാക്കി തുകയായ 30143/-രൂപ(64632 – 34489) വാടകയിനത്തിൽ മുൻകൂറായി നിലനിന്നിരുന്നു. എന്നാൽ 8/2014 മുതൽ 3/16 കാലയളവ് വരെ വാടകയിനത്തിൽ ലഭ്യമാകേണ്ട തുക 38980/-രൂപയാണ്. മുൻകൂർ വാടക തുക കഴിച്ച് 8837/-രൂപ ഈടാക്കേണ്ടതാണ്.

പ്രസ്തുത സ്ഥാപനവുമായി ബന്ധപ്പെട്ട വാടക കരാറും, 2013-14 മുതൽ 7/2014 വരെയുള്ള വാടക കുടിശ്ശികയുടെ പിഴപ്പലിശ ഒഴിവാക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഉണ്ടെങ്കിൽ ഹാജരാക്കാനും നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം.12/26-11-2016) മറുപടി ലഭിച്ചിട്ടില്ല.

## 2-5 മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയിട്ടില്ല

ജി.ഒ.(ആർ.റ്റി.)നം. 19/2011/ത.സ്വഭ.വ./14-1-2011 പ്രകാരം ടെലഫോൺ ടവറുകൾക്ക് ബാധകമായ കുറഞ്ഞ വസ്തുനികുതി ച.മീറ്ററിന് 400/- രൂപയും കൂടിയ വസ്തു നികുതി 500യുമാണ്. 14-11-2011 ലെ എഴുകോൺ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം നം. 10 പ്രകാരം മൊബൈൽ ടെലഫോൺ ടവറുകൾക്ക് വസ്തുനികുതി 500യായി നിശ്ചയിച്ച് ഉറപ്പിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന നിലവിലുള്ള 8 മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി പുനർ നിർണ്ണയിച്ചത് ഈടാക്കുന്നില്ല. അതിനാൽ പഞ്ചായത്തിന് ഗണ്യമായ വരുമാന നഷ്ടം ഉണ്ടാകുന്നു. ടവറുകളുടെ പുനർ നിർണ്ണയിച്ച വസ്തുനികുതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മൊബൈൽ ടവർ | വാർഡ് നം./ കെട്ടിട നം. | വിസ്തീർണ്ണം (ച.മീറ്ററിൽ) | പുനർ നിർണ്ണയിച്ചനികുതി (ലൈബ്രറി സെസ്സ് |
|---|---|---|---|

| | | | |
|---|---|---|---|
| | | | ഉൾപ്പെടെ) |
| 1.ഐഡിയ,എയർ ടെൽ | 1/661 | 15 | 8663 |
| 2.എയർ സെൽ | 4/624 | 34 | 14280 |
| 3.ബി.എസ്സ്.എൻ.എൽ. | 7/497 | 20 | 8400 |
| 4.ബി.എസ്സ്.എൻ.എൽ. | 7/611 | 63 | 29768 |
| 5.റിലയൻസ് | 9/643 | 11.06 | 4646 |
| 6.എയർ ടെൽ | 11/606 | 15 | 6300 |
| 7.ഭാരതി സെല്ലുലാർ | 13/240 | 14 | 8820 |
| 8.റിലയൻസ് | 15/536 | 6 | 2835 |
| | | ആകെ | 83712 |

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടെലഫോൺ ടവറുകൾക്ക് പെർമിറ്റ് നൽകിയതിൻെറയും വസ്തുനികുതി ഈടാക്കിയതിൻെറയും വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14,26-11-16),1993/94ലെ രജിസ്റ്റർ പ്രകാരം നിശ്ചയിച്ചിട്ടുള്ളവയായതിനാൽ പെർമിറ്റ് പ്രകാരമല്ല അവയ്ക്ക് നമ്പർ നൽകിയിട്ടുള്ളതെന്നും ടി ടവറുകളുടെ നികുതി നിലവില് കുടിശ്ശികയാണെന്നും മറുപടി ലഭിച്ചിട്ടുണ്ട്. മൊബൈൽ ടവറുകളുടെ അനുബന്ധ ഡി.ജി. റൂം, ഷെൽറ്റർ എന്നിവയുടെ പ്ലിന്ത് ഏരിയ വസ്തുനികുതി കണക്കാക്കിയതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിച്ച് 2013-14 മുതലുള്ള വസ്തുനികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കുകയും ചെയ്യേണ്ടതാണ്.

## ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### 3-1 <u>വിനിയോഗ രേഖകൾ ലഭ്യമാക്കിയില്ല.</u>

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2015-16 സാമ്പത്തിക വർഷം നടപ്പിലാക്കിയ

താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പദ്ധതിയുടെ പേര്, നമ്പർ | ഫണ്ട്/അടങ്കൽ തുക | ചെലവ് തുക (രൂപ) | ബിൽ നമ്പർ, തീയതി | തുക നൽകിയതിന്റെ വിവരം |
|---|---|---|---|---|---|
| 1 | അംഗൻവാടി 66, 67 എന്നിവയ്ക്ക് പി.ഡബ്ല്യു.ഡി വഴി വൈദ്യുതീകരണം 164/15-16 | MG-നോൺ റോഡ്-164250 | 164250 | 23/15-16 /30.9.15 | പി.ഡബ്ല്യു.ഡി, ഇലക്ട്രിക്കൽ സബ്ഡിവിഷൻ, കൊല്ലം |
| 2 | നെടുമ്പായിക്കുളം സബ് സെന്ററിന് പി.ഡബ്ല്യു.ഡി വഴി വൈദ്യുതീകരണം,165/15-16 | MG- നോൺ റോഡ്-112500 | 112500 | 24/15-16/ 30.9.15 | പി.ഡബ്ല്യു.ഡി, ബിൽഡിംഗ് ഡിവിഷൻ, കൊല്ലം |
| 3 | സർക്കിൾ ഇൻസ്പെക്ടർ ഓഫീസിന് വയറിംഗ്, മെയിന്റൻസ് 46/15-16 | വികസന ഫണ്ട് 103400 | 103400 | 27/15-16/ 30.9.15 | പി.ഡബ്ല്യു.ഡി, ഇലക്ട്രിക്കൽ സബ്ഡിവിഷൻ, കൊല്ലം |
| 4 | വാട്ടർ ടാപ്പ് ലൈൻ എക്സ്റ്റൻഷൻ 114/15-16 | വികസന ഫണ്ട്)- 200000 | 200000 | 17/1516 /14.9.15 – 27000 44/15-16 /23.3.16 - 173000 | വാട്ടർ അതോറിറ്റി, കൊട്ടാരക്കര |
| | | ആകെ | 580150 | | |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി 580150/- രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 ഗുണഭോക്തൃസമിതികൾ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമല്ല-

ഗ്രാമപഞ്ചായത്തിൽ 2015-16 വർഷത്തിൽ ഏറിയ മരാമത്ത് പ്രവൃത്തികളും ഗുണഭോക്തൃസമിതികളാണ് ഏറ്റെടുത്ത് നടത്തിയിട്ടുള്ളത്. പ്രവൃത്തികളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ, സംസ്ഥാന ആസൂത്രണ ബോർഡ് 1999ൽ പുറപ്പെടുവിച്ച ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ പാലിയ്ക്കാതെ പണികൾ നടത്തിയതിനാൽ പ്രവൃത്തികളുടെ നിർവ്വഹണത്തിൽ സുതാര്യത, ഗുണമേന്മ എന്നിവ ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടില്ല എന്നു വിലയിരുത്തുന്നു. കണ്ടെത്തിയ പ്രധാന അപാകതകൾ ചുവടെ രേഖപ്പെടുത്തുന്നു.

1)പണമിടപാടുകൾ സംയുക്ത ബാങ്ക് അക്കൗണ്ട് മുഖേന നടത്തുന്നില്ല.

ഗുണഭോക്തൃ സമിതി ചെയർമാൻ, കൺവീനർ എന്നിവരുടെ സംയുക്ത ബാങ്ക് അക്കൗണ്ട് മുഖേനയാണ് ഏറ്റെടുക്കുന്ന പ്രവൃത്തിയുടെ എല്ലാ ചെലവുകളും നിർവ്വഹിക്കേണ്ടത്. അക്കൗണ്ട് തുടങ്ങുന്നതിനുള്ള നാമമാത്ര തുകയും, മൂല്യ നിർണ്ണയ തുകയും മാത്രമാണ് ബാങ്ക് പാസ് ബുക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അതിനാൽ തന്നെ ലക്ഷക്കണക്കിന് രൂപയുടെ സാധന സാമഗ്രികൾ ക്യാഷ് അടിസ്ഥാനത്തിൽ വാങ്ങിയ ഇടപാടുകളിലെ സുതാര്യത ബോധ്യപ്പെടുന്നില്ല.

2)രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

ഗുണഭോക്തൃ സമിതി രൂപീകരിക്കുന്നതിനുള്ള നോട്ടീസ്, പ്രവൃത്തികളുടെ മിനിട്ട്സ് ബുക്ക്, ബില്ലുകൾ(സാധുതയുള്ള മെറ്റീരിയൽ ബില്ലുകൾക്ക് പകരം വെള്ള പേപ്പറിൽ വൻ തുകയുള്ള കൈപ്പറ്റ് വിവരങ്ങൾ രേഖപ്പെടുത്തി കാണുന്നു), വരവ്-ചെലവ് കണക്കുകൾ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്(നഷ്ടം/ചെലവ് തടസ്സം എന്നിവ പ്രത്യേക ഖണ്ഡികകളിൽ ചേർത്തിട്ടുണ്ട്.)

മിനിട്ട്സ് പുസ്തകം എഴുതിയാൽ തന്നെ അപൂർണ്ണമായി സൂക്ഷിക്കുക, കണക്കുകൾ സമിതി അംഗീകരിച്ചതിന്റെ വിവരം എഴുതാതിരിക്കുക, സാധന സാമഗ്രികൾ അംഗീകൃത ഡീലറിൽ നിന്നും വാങ്ങാതിരിയ്ക്കുക എന്നീ അപാകതകളും കാണപ്പെടുന്നു.

അംഗീകൃത ഏജൻസികൾ/ഡീലർമാരിൽ നിന്നും അല്ലാതെ വാങ്ങുന്ന നിർമ്മാണ സാമഗ്രികളുടെ നികുതി ഇനത്തിലെ വരുമാനം സർക്കാരിന് നഷ്ടപ്പെടുന്നതിന് ഇടയാക്കുകയും സാമ്പത്തിക വ്യവസ്ഥിതിയിൽ കള്ളപണത്തിന്റെ ഭാഗമാകുന്നതിന് സർക്കാർ ഫണ്ട് തന്നെ നിമിത്തമാകുന്ന സാഹചര്യവും സൃഷ്ടിക്കുന്നു. നിർവ്വഹണ ഉദ്യോഗസ്ഥൻ മതിയായതും നിയമം അനുശാസിക്കുന്നതുമായ രേഖകൾ ഇല്ലാതെ കൺവീനർമാർക്ക് തുക അനുവദിക്കുന്നതിനാലും, മിക്ക പ്രവൃത്തികളും ഗുണഭോക്തൃസമിതികൾ നിർവ്വഹിച്ചു വരുന്നതും മേൽ ചൂണ്ടികാണിച്ച അപാകതകൾ വ്യാപകമായി കാണപ്പെടുന്ന അവസ്ഥയിലും ഭരണതലത്തിൽ ഒരന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-3 <u>ചിറക്കോണം – മാമ്പഴത്തോട്ടം റോഡ് കോൺക്രീറ്റിംഗ് -ഗുണഭോക്തൃ സമിതി നടപ്പിലാക്കിയ പ്രവൃത്തി-രേഖകളുടെ അഭാവത്തിൽ **1,44,215/-**രൂപ തടസ്സപ്പെടുത്തുന്നു -</u>

പ്രൊജക്ട് നം. 201/16

അടങ്കൽ തുക- 1,50,000/-(ഫിനാൻസ് കമ്മീഷൻ )

കൺവീനർ- ശ്രീ.രാജശേഖരൻ നായർ, ശ്രീതിലകം, ഇരുമ്പനങ്ങാട്, എഴുകോൺ

ബിൽ നം.65/15-16/30.1.16

എം.ബുക്ക് നം. 28/15-16

എഗ്രിമെന്റ് നം. 49/AE/l.s.g.d/egp/15-16/10.12.15

കോൺക്രീറ്റിംഗ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഹാജരാക്കിയ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണപ്പെടുന്നു.

1.മൂല്യനിർണ്ണയതുക 1,39,880/- രൂപയായിരിക്കെ ഗുണഭോക്തൃ സമിതി ഹാജരാക്കിയ രേഖകൾ, മസ്റ്റർ റോൾ ഇനത്തിൽ 38,700/-രൂപയുടെ ചെലവും, സംയുക്ത അക്കൗണ്ട്

തുടങ്ങുന്നതിന് ബാങ്കിൽ അടവാക്കിയ 100/-രൂപയുടെ ചെലാനം മാത്രമാണ്.
2.ഗുണഭോക്തൃസമിതി മിനിട്ട്സ് പുസ്തകം അപൂർണ്ണവും വരവ് - ചെലവ് കണക്കുകൾ രേഖപ്പെടുത്താത്തതുമാണ്.
3.ഗുണഭോക്തൃസമിതി തെരഞ്ഞെടുപ്പ് സംബന്ധിച്ച നോട്ടീസിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഒപ്പും തീയതിയും രേഖപ്പെടുത്തിയിട്ടില്ല.
4.സംയുക്ത അക്കൗണ്ടിന്റെ ബാങ്ക് പാസ്ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

കൃത്യമായ രേഖകളുടെ അഭാവത്തിൽ കൺവീനർക്ക് അനുവദിച്ച തുകയായ 1,35,752/-രൂപയും നികുതി തുകകളും ചേർത്ത ചെലവ് തുകയായ 1,44,215/-രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.ടി വിഷയത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം.13 /26.11.16) മറുപടി ലഭിച്ചിട്ടില്ല.

## 3-4 വിനിയോഗ രേഖകൾ ലഭ്യമാക്കിയില്ല.

ഐ.സ്.ഡി.എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥനായി 2015-16 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പദ്ധതിയുടെ പേര്, നമ്പർ | ഫണ്ട്, അടങ്കൽ | ചെലവ് തുക (രൂപ) | ബിൽ നമ്പർ, തീയതി | തുക നൽകിയ തിന്റെ വിവരം |
|---|---|---|---|---|---|
| 1 | അംഗൻവാടി നമ്പർ 62 ന് വാട്ടർ കണക്ഷൻ 175/15-16 | മെയിന്റൻസ് നോൺ റോഡ്-14439/-രൂപ | 14439 | 7/15-16/ 28.10.15 | വാട്ടർ അതോറിറ്റി |
| 2 | ജില്ലാ പഞ്ചായത്തിന്റെ വികലാംഗർക്ക് സൈഡ് വീലോട്കൂടിയ സ്കൂട്ടർ പദ്ധതിക്ക് വിഹിതം നൽകൽ(116/15-16) | വികസന ഫണ്ട് 100000/-രൂപ | 100000 | 6/15-16/ 28.10.15 | ജില്ലാ പഞ്ചായത്ത് സെക്രട്ടറി, കൊല്ലം |
| | | ആകെ | 114439 | | |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 വാർഷിക വരുമാനം 50000/-കടന്നവർക്ക് ലാപ് ടോപ്പ് നൽകി-45800/- രൂപ നിരാകരിക്കുന്നു

പ്രോജക്ട് നമ്പർ 14/2016

വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ

ടി പ്രോജക്ടിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകിയ ചുവടെ ചേർത്തിട്ടുള്ള ഗുണഭോക്താക്കളുടെ കുടുംബത്തിന്റെ വാർഷിക വരുമാനം വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം പ്രകാരം 50000/-രൂപയിൽ അധികരിച്ചിട്ടുണ്ട്.

1.അതുൽ . എസ്,പുത്തൻവിള കിഴക്കതിൽ വീട്-96000/-രൂപ

2.സ്മിതാകൃഷ്ണൻ,ആശീർവാദ്,അമ്പലത്തുംകാല-144000/-രൂപ

ഈ വിഷയത്തെ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 01/22.11.2016 നൽകിയതിന് പഞ്ചായത്ത് ഭരണ സമിതിയുടെ 27.02.2016 ലെ 1(3) നമ്പർ തീരുമാനം അനുസരിച്ച് വാർഷിക വരുമാനം 150000/-രൂപ വരെ ഉള്ളവർക്ക് ലാപ് ടോപ്പ് നൽകാം എന്ന് മറുപടി നൽകിയിട്ടുണ്ട്. ഇത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പദ്ധതി മാർഗരേഖയ്ക്ക്(സ. ഉ. എം. എസ്. 362/2013/ത .സ്വ .ഭ .വ തീയതി 16.11.2013) വിരുദ്ധമായി വിതരണം ചെയ്ത രണ്ട് ലാപ്പ്ടോപ്പുകളുടെ തുകയായ 45800/-രൂപ അംഗീകരിക്കുന്നില്ല. ടി തുക ഉത്തരവാദിയായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-6 <u>പഠിക്കുന്ന കോഴ്സിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു **22900/-**രൂപ</u>

പ്രോജക്ട് നമ്പർ 14/2016

വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ

ടി പ്രോജക്ടിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകിയ നിഷാരാജ്,ഭരണിക്കാവിൽവിള വീട്,എഴുകോൺ എന്ന ഗുണഭോക്താവ് പഠിക്കുന്ന കോഴ്സ് സംബന്ധിച്ചുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.ഈ വിഷയം സംബന്ധിച്ച് ഓഡിറ്റ്എൻക്വയറിനം 1/23.11.2016 നൽകിയതിന് കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ മേൽ ഗുണഭോക്താവിന് നൽകിയ ലാപ്പ്ടോപ്പിന്റെ വിലയായ 22900/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 <u>വാങ്ങിയ ലാപ് ടോപ്പ് വിതരണം ചെയ്തില്ല.തുക നിരാകരിക്കുന്നു **22900/-**രൂപ</u>

പ്രോജക്ട് നമ്പർ 14/2016

വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങൽ

ടി പ്രോജക്ടിൽ ഉൾപ്പെടുത്തി ബിൽ നമ്പർ 21/2015-2016/17.03.2016 പ്രകാരം 526700/-രൂപ പിൻവലിച്ച് 22900/-രൂപ ക്രമത്തിൽ 23 ലാപ്പ് ടോപ്പുകൾ F1സൊല്യൂഷൻ , കരീപ്ര റോഡ്, എഴുകോൺ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്(ഡി ഡി നമ്പർ 94573342 തീയതി 18.03.2016). എന്നാൽ 22 ലാപ്പ് ടോപ്പുകൾ മാത്രമേ ഗുണഭോക്താ-ക്കൾക്ക് വിതരണം നടത്തിയിട്ടുള്ളൂ. ഈ വിഷയത്തെ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 1/ 23.11.2016 നല്കിയതിന് ഒരു ലാപ്പ്ടോപ്പ് പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ച് വരുകയാണന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ലാപ്പ്ടോപ്പിന്റെ വില 18 ശതമാനം പലിശ സഹിതം തിരികെ അടക്കേണ്ടതാണ്.

## 3-8 <u>വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-**344951/-**രൂപ തടസ്സപ്പെടുത്തുന്നു</u>

1.പ്രോജക്ട് നമ്പർ 18/2016

വാട്ടർ ടാപ്പ് ലൈൻ എക്സ്റ്റെൻഷൻ

ടി പ്രോജക്റ്റിൽ ഉൾപ്പെടുത്തി ബിൽ നമ്പർ 09/2015-2016 തീയതി 26.11.2015 പ്രകാരം 211032/-രൂപ പിൻവലിച്ച് ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിന് കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്.(ഡി ഡി നമ്പർ94565323 തീയതി 3.12.2015).നാളിതുവരെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

2.പ്രോജക്റ്റ് നമ്പർ 82/2016

ഇരുമ്പനങ്ങാട് വാർഡ് കുടിവെള്ള പദ്ധതി

ടി പ്രോജക്റ്റിൽ ഉൾപ്പെടുത്തി ബിൽ നമ്പർ 4/2015-2016 തീയതി14.09.2015 പ്രകാരം58919/-രൂപ പിൻവലിച്ച് ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിന് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഒടുക്കിയിട്ടുണ്ട് (ഡി ഡി നമ്പർ565212 തീയതി 16.09.2015).നാളിതുവരെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

3.പ്രോജക്റ്റ് നമ്പർ 207/2016

തുണ്ടിൽ SC കോളനി കുടിവെള്ളപദ്ധതി

ടി പ്രോജക്റ്റിൽ ഉൾപ്പെടുത്തി ബിൽ നമ്പർ 23/2015-2016/31.03.2016 പ്രകാരം 75000/-രൂപ പിൻവലിച്ച് ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിന് കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്(ഡി ഡി നമ്പർ573391തീയതി 31.03.2016). എന്നാൽ നാളിതുവരെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ഈ വിഷയത്തെ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 1/22.11.2016 നൽകിയതിന് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ 344951/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## **3-9** വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല **- 12800/-**രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നമ്പർ 156/2016

സാക്ഷരതാ തുല്യതാ പരിപാടി

ടി പ്രോജക്റ്റിൽ ഉൾപ്പെടുത്തി ബിൽ നമ്പർ 08/2015-2016/30.03.2016 പ്രകാരം 8 പഠിതാക്കൾക്ക് 1600/-രൂപ ക്രമത്തിൽ 12800/-രൂപ പിൻ വലിച്ച് ജില്ലാ സാക്ഷരതാ മിഷനിൽ ഒടുക്കിയിട്ടുണ്ട്(ഡി ഡി നമ്പർ 945734267). എന്നാൽ സാക്ഷരതാ മിഷന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഈ വിഷയത്തെ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 4 തീയതി 23.11.2016 നൽകിയതിന് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ 12800/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## **3-10** പിൻവലിച്ച തുക മുഴുവൻ വിനിയോഗിച്ചില്ല**-1029/-**രൂപ നിരാകരിക്കുന്നു

പ്രോജക്റ്റ് നമ്പർ 161/2016

ഇരുമ്പനങ്ങാട് ഗവ LP/UP സ്കൂളിൽ കുഴൽ കിണർ നിർമ്മാണം

ടി പ്രോജക്ടിൽ ഉൾപ്പെടുത്തി ബിൽ നമ്പർ 06/2015-2016 തീയതി 14.10.2015, ബിൽ നമ്പർ 07/2015-2016/29.10.2015 എന്നീ ബില്ലുകൾ പ്രകാരം 199660/-രൂപ പിൻവലിച്ച് ഡെപ്പോസിറ്റ് വർക്കായി കുഴൽ കിണർ നിർമ്മിക്കുന്നതിന് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഒടുക്കിയിട്ടുണ്ട്(ഡി ഡി നമ്പർ 945653388/23.12.2015). എന്നാൽ 198631/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. ഈ വിഷയത്തെ സംബന്ധിച്ച് ഓഡിറ്റ് എൻക്വറി 4/23.11.2016 നൽകിയതിന് തുക അടവാക്കുന്നതിനുള്ള നടപടി സ്വകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ ചെലവഴിക്കാത്ത 1029/-രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-11 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് സംബന്ധിച്ച്

2015-2016 സാമ്പത്തിക വർഷത്തിൽ എഴുകോൺ ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ 1389300/-രൂപ തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്തിട്ടുണ്ട്. ടി തുകയിൽ ഓർഡിനറി ബൾബുകളുടെ(40w-575 എണ്ണം, 60w-19എണ്ണം, 100w-7 എണ്ണം) വൈദ്യുതി ചാർജ് ഇനത്തിൽ 455352/-രൂപ ഉൾപ്പെട്ടിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.03.2013ലെ സർക്കുലർ നമ്പർ 65529/ഡി സി 3/12 പ്രകാരം എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടു കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. ഈ വിഷയത്തെ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 5/24.11.2016 നൽകിയതിന് മേൽ സർക്കുലറിലെ നിർദ്ദേശം നടപ്പിലാക്കാൻ നടപടി സ്വീകരിക്കും എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഓർഡിനറി ബൾബുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ ചെലവ് ചെയ്ത 455352/-രൂപ (പ്രതി മാസം 37946/- രൂപ ക്രമത്തിൽ ഒരു വർഷത്തേക്ക് )ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സർക്കുലർ നിർദ്ദേശം നടപ്പിലാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-12 ആയുർവ്വേദ ഡിസ്പെൻസറിക്ക് വാട്ടർ കണക്ഷൻ - 3587/-രൂപ നിരാകരിക്കുന്നു.

ആയുർവ്വേദ ഡിസ്പെൻസറിക്ക് വാട്ടർ കണക്ഷൻ എടുക്കുന്നതിലേക്കായി SO 139/16 പദ്ധതിയിന്മേൽ മെയിന്റനൻസ് ഫണ്ട് റോഡിതരത്തിൽ നിന്നും 27278/-രൂപ വകയിരുത്തി നൽകി. ആയുർവ്വേദ മെഡിക്കൽ ഓഫീസർ ട്രഷറിയിൽ നിന്നും ബിൽ നം. 2/2015 പ്രകാരം അടങ്കൽ തുകയായ 27278/-രൂപ പിൻവലിച്ച് 25/8/2015 ലെ ഡി.ഡി.നം.945652037 പ്രകാരം വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് നൽകി. വിനിയോഗ സാക്ഷ്യപത്രത്തിൽ ചെലവായ തുക 23691/-രൂപ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രത്തിൽ 5-12-2015 ൽ പണി പൂർത്തീകരിച്ചു നൽകി എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബാക്കി തുകയായ 3587/-രൂപ ഈടാക്കിയതായി രേഖകളില്ല. ആയതിനാൽ പ്രസ്തുത പ്രവൃത്തിയിന്മേൽ ബാക്കി വന്ന തുകയായ 3587/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

മേൽ സൂചിത അപാകതയിന്മേൽ വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.8/24-11-2016) പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രവും, വിനിയോഗ സാക്ഷ്യപത്രവും 7-11-2016ലാണ് വാട്ടർ അതോറിറ്റി ഓഫീസിൽ നിന്നും ലഭിച്ചതെന്നും ബാക്കി തുക ഈടാക്കി അടവാക്കാമെന്നും ആയുർവ്വേദ മെഡിക്കൽ ഓഫീസർ വിശദീകരണം നൽകിയിട്ടുണ്ട്. ടി തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-13 സ്വന്തം കെട്ടിടം ഉള്ള അംഗൻവാടികളുടെ ഭൂമി പഞ്ചായത്തിൻറെ ആസ്തിയായിട്ടില്ല

എഴുകോൺ ഗ്രാമപഞ്ചായത്തിൽ നിലവിൽ 10 അംഗൻവാടികൾക്കാണ് സ്വന്തമായി കെട്ടിടങ്ങൾ ഉള്ളത്. താഴെ പറയുന്ന അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ ഉണ്ടെങ്കിലും കെട്ടിടങ്ങൾ സ്ഥിതിചെയ്യുന്ന ഭൂമി നാളിതുവരെ പഞ്ചായത്ത് പേർക്ക് ആക്കി വില്ലേജാഫീസിൽ കരം ഒടുക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അംഗൻവാടി നമ്പർ, സ്ഥലം | റിമാർക്സ് |
|---|---|---|
| 1 | 59, പ്ലക്കാട് | ഭൂമി മഹിളാ സമാജം പ്രസിഡന്റിന്റെ പേരിൽ |
| 2 | 61, പാറപ്പുറം | പഞ്ചായത്ത് സെക്രട്ടറി പേർക്കാണെങ്കിലും നിലവിൽ പ്രമാണമില്ല |
| 3 | 62, പരുത്തുംപ്പാറ | പഞ്ചായത്ത് സെക്രട്ടറി പേർക്കാണെങ്കിലും നിലവിൽ പ്രമാണമില്ല |
| 4 | 66, ജെ.റ്റി.എസ് കോളനി | അഗ്രോ സെന്റർ വക ഭൂമിയിൽ |
| 5 | 67, ആശാൻമുക്ക് | പഞ്ചായത്ത് സെക്രട്ടറി പേർക്കാണെങ്കിലും നിലവിൽ പ്രമാണമില്ല |
| 6 | 68,ഇടയ്ക്കിടം | പഞ്ചായത്ത് സെക്രട്ടറി |

| | | |
|---|---|---|
| | കോളനി | പേർക്കാണെങ്കിലും നിലവിൽ പ്രമാണമില്ല |
| 7 | 69,കാക്കകോട്ടൂർ | ഗാന്ധി സ്മാരക വനിതാ സമാജം വക ഭൂമിയിൽ |
| 8 | 73, കല്ലുംപുറം | കെ.ഐ.പി പുറമ്പോക്ക് |
| 9 | 76, ഹവ്വാബീച്ച് | കെ.ഐ.പി പുറമ്പോക്ക് |
| 10 | ഇടയ്ക്കോട് | പഞ്ചായത്ത് സെക്രട്ടറി പേർക്കാണെങ്കിലും നിലവിൽ പ്രമാണമില്ല |

കൂടാതെ, സർവ്വേ നമ്പർ.362/3 ൽ പെട്ട 1.2ആർ ഭൂമി എഴുകോൺ ഗ്രാമ പഞ്ചായത്തിലെ ഇരുമ്പനങ്ങാട്ടുള്ള 65ാം നമ്പർ അംഗൻവാടിക്കായി ശ്രീ.കെ.ആർ അനിൽകുമാർ, ഉറണ്ടൂർ വീട് എന്ന വ്യക്തി വിട്ടു നൽകിയിട്ടുണ്ട്. പ്രസ്തുത ഭൂമി പോക്കുവരവ് ചെയ്യാൻ 11.9.15 ലെ 5ാം നമ്പർ തീരുമാന പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ(എൻക്വയറി നമ്പർ 19/29.11.16) ഭൂമി പോക്കുവരവ് ചെയ്യുന്നതിനായി റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ഇത് സംബന്ധിച്ച തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മേൽ അംഗൻവാടി കെട്ടിടങ്ങൾ സ്ഥിതിചെയ്യുന്ന ഭൂമി സെക്രട്ടറിയുടെ പേരിൽ കൂട്ടുന്നതിനും, ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താതെ വിട്ടുപോയ അംഗൻവാടികൾ ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിനുമുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്

## 3-14 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ രേഖ ഹാജരാക്കിയില്ല

വികസന ഫണ്ടിനത്തിൽ 150000/-രൂപയും സംസ്ഥാനാവിഷ്കൃത ഫണ്ടിനത്തിൽ 150000/- രൂപയും മറ്റുള്ളവ ഇനത്തിൽ 300000/- രൂപയും ഉൾപ്പടെ ആകെ 600000/-രൂപ വകയിരുത്തി വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി(പ്രോജക്ട് നമ്പർ 28/15-16). ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി വികസന ഫണ്ടിനത്തിലെ 150000/-രൂപ പിൻവലിച്ച്(ബിൽ നം. 7/15-16/19.3.16) അസി.ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡിക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 10.12.15 ലെ 1(7)ാം നമ്പർ തീരുമാന

പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീറ്റ വിതരണത്തിനായി നെടുമ്പായിക്കുളം ക്ഷീര സഹകരണ സംഘത്തെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. എന്നാൽ പ്രസ്തുത ക്ഷീര സഹകരണ സംഘത്തിലെ തീറ്റ വിതരണവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ, 2014-15 ൽ ആനുകൂല്യം ലഭിച്ച 8 പേർക്ക് 15-16 ൽ ആനുകൂല്യം നൽകിയിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേരും അഡ്രസ്സും |
|---|---|
| 1 | സുനിത,പ്രസൂൺ നിവാസ് |
| 2 | വസന്തകുമാരി, മുകളുവിള പുത്തൻവീട് |
| 3 | സരസ്വതി, കുന്നുവിള കിഴക്കതിൽ |
| 4 | പുഷ്പവല്ലി, കുന്നുവിള കിഴക്കതിൽ |
| 5 | ഓമന, ചെട്ടിശ്ശേരിൽ വീട് |
| 6 | രമണി, ചെട്ടിശ്ശേരിൽ വീട് |
| 7 | രേണുക,തിരുവോണം |
| 8 | ശാന്ത കുമാരി,ചിഞ്ചു ഭവൻ |

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ(എൻക്വയറി16/29.11.16) 2014-15, 2015-16 വർഷങ്ങളിൽ ടി പദ്ധതി നടപ്പിലാക്കിയപ്പോൾ 8 ഗുണഭോക്താക്കൾക്ക് തുടർച്ചയായി ആനുകൂല്യം നൽകിയത് ബോധ്യപ്പെട്ടിട്ടുണ്ടെന്നും തുടർ വർഷങ്ങളിൽ ഇത് ആവർത്തിക്കുകയില്ല എന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ, 8 പേർക്ക് കാലിത്തീറ്റ സബ്സിഡി ഇനത്തിൽ നൽകിയ 50000/-രൂപ(8X6250) തിരികെ ഈടാക്കുകയോ, വരും വർഷ പ്രോജക്ടുകളിൽ ക്രമീകരിച്ചോ വിവരം അറിയിക്കേണ്ടതാണ്.

## 3-15 ഉപയോഗശൂന്യമായ ട്രാക്ടർ എഴുകോൺ-കുണ്ടറ റോഡ് സൈഡിൽ-ലേല നടപടികൾ സ്വീകരിക്കുന്നില്ല

എഴുകോൺ ഗ്രാമപഞ്ചായത്തിൽ 1997-98 വർഷത്തെ ജനകീയാസൂത്രണ പദ്ധതി പ്രകാരം വാങ്ങിയിട്ടുള്ളതും നെടുമ്പായിക്കുളം പാടശേഖര സമിതിക്ക് കൈമാറിയിട്ടുള്ളതുമായ ട്രാക്ടർ നിലവിൽ ഉപയോഗ ശൂന്യമായി എഴുകോൺ-കുണ്ടറ റോഡ് സൈഡിൽ കിടക്കുകയാണ്.



പ്രസ്തുത ട്രാക്ടർ പരസ്യ ലേലം നടത്തുന്നതുമായി ബന്ധപ്പെട്ട് മൂല്യ നിർണ്ണയം നടത്തുന്നതിന് 17.6.15 ലെ 9-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി കൃഷി അസി.എക്സിക്യൂട്ടീവ് എൻജിനീയറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച തുടർ നടപടി വിവരം എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടതിൽ(17/29.11.16), ലേലം നടത്തുന്നതിനാ- വശ്യമായ Condemnation Certificate, Valuation Certificate തയ്യാറാക്കി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, അഗ്രികൾച്ചർ എഞ്ചിനീയറിംഗ് വിംഗ്, കാവനാടിന് കത്ത് നൽകിയതിൽ, വാല്യൂവേഷൻ സർട്ടിഫിക്കേറ്റ് ലഭിക്കുന്നതിന് കെ.എഫ്.സി ഫോറം 21 പൂരിപ്പിച്ച് അസി,എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി മെക്കാനിക്കലിനാണ് നൽകേണ്ടതെന്നും അഗ്രികൾച്ചർ എഞ്ചിനീയറിംഗ് വിംഗ് മറുപടി നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി മെക്കാനിക്കലിന് കത്ത് അയച്ചതിൽ, നിശ്ചിത പ്രൊഫോർമയിൽ വാഹനത്തിന്റെ രജിസ്ട്രേഷൻ, നിർമ്മാണം, എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെന്നും എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ട്രാക്ടർ ലേലം ചെയ്യുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-16 പുറമ്പോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഗ്രാമ പഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന പുറമ്പോക്ക് വസ്തുക്കളുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന പുറമ്പോക്ക് രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ച് വരുന്നില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 169(5), 218 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന് കൈമാറുകയോ, നിക്ഷിപ്തമാക്കുകയോ ചെയ്തിട്ടുള്ള പുറമ്പോക്ക് വസ്തുക്കളുടെ അവകാശവും സംരക്ഷണവും ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. ഇവ പൊതു ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ ഉപയോഗിക്കുന്നതിനും കൈയേറ്റക്കാരിൽ(28.04.15ലെ 13(6)ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ എഴുകോൺ ശ്രീകൃഷ്ണ മില്ലുടമ വടക്കേ ആലുവിള വീട്ടിൽ ശ്രീ.എൽ.ശശിധരൻ റവന്യൂ പുറംമ്പോക്ക് കൈയ്യേറിയത് സംബന്ധിച്ച് ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(1)-9142/15 നം. കേസ് സംബന്ധിച്ച് സെക്രട്ടറിയുടെ നടപടി അംഗീകരിച്ചിട്ടുണ്ട്.) നിന്നും സംരക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്. കൃത്യമായ രേഖകളുടെ അടിസ്ഥാനത്തിലല്ലാതെ ഗ്രാമപഞ്ചായത്ത് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ, സ്ഥലങ്ങളുടെ കൈമാറ്റം, എന്നിവ നിയമ പ്രശ്നങ്ങൾക്കും കോടതി വ്യവഹാരങ്ങൾക്കും ഇടവരുത്തുമെന്നതിനാൽ പുറമ്പോക്ക് സംബന്ധിച്ച വിവരങ്ങൾ വില്ലേജ് അധികാരികളിൽ നിന്നും ലഭ്യമാക്കി സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. ഇതിനുള്ള നടപടികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്.

## 3-17 ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിക്കുന്നില്ല –M-Asset മൊബൈൽ ആപ്ലിക്കേഷനിലേയ്ക്കുള്ള ആസ്തി വിവരങ്ങൾ ശേഖരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്.ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക്

ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്.ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലാകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.
ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.
മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ(തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- നം58608/ഡി.ബി2/09/13.1.10 ) നിഷ്കർഷിച്ചിട്ടുള്ളതാണ്.
ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയോ , കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല. പുറമ്പോക്ക് രജിസ്റ്ററും പാലിക്കാത്തതിനാൽ ഗ്രാമപഞ്ചായത്ത് ഭൂമി സംബന്ധിച്ച എല്ലാ വിവരങ്ങളും നിലവിലെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. രാജ്യത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും സ്ഥിതി ചെയ്യുന്ന സ്ഥാവര ആസ്തികളുടെ കണക്കെടുക്കുന്നതിനും ആയവ മൊബൈൽ ഫോൺ വഴി ജി.ഐ.എസ്.മാപ്പിംഗ് നടത്തുന്നതിനും കേന്ദ്രപഞ്ചായത്തീരാജ് മന്ത്രാലയം 'M-Asset' എന്നമൊബൈൽ ആപ്ലിക്കേഷൻ വിന്യസിക്കുകയും ആയത് ഉടൻ ആരംഭിക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, ആസ്തികളുടെ മാപ്പിംഗ് 20.04.2016 –ന് മുമ്പായി പൂർത്തിയാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ 21.03.2016 ന് ജെ1/37630/15 ഉത്തരവ് പുറപ്പെടുവിച്ചു.
2016 മാർച്ച് മാസം വരെ വാങ്ങിയതോ, നിർമ്മിച്ചതോ, വിട്ടു കിട്ടിയതോ ആയ ആസ്തികളുടെ വിവരങ്ങൾ സചിത്ര സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുകയും ടി വിവരങ്ങൾ സംസ്ഥാന തലത്തിൽ ലഭ്യമാക്കുന്നതിനും വരും വർഷങ്ങളിൽ വെബ് ആപ്ലിക്കേഷനിൽ അപ്ഡേറ്റ് ചെയ്യുന്നതിനും ഇതിന്റെ പൂർത്തികരണത്തിന് സെക്രട്ടറി, ഐ.കെ.എം. ടെക്നിക്കൽ അസിസ്റ്റന്റ്, എൽ.എസ്.ജി.ഡി എ.ഇ. എന്നിവർക്കുള്ള ചുമതലകൾ ഐ.കെ.എം. ഡയറക്ടറുടെ 09.06.2016 ലെ 223/LOBE/IKM/2016 കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.
മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഗ്രാമ പഞ്ചായത്തിൽ പ്രാഥമികമായ നടപടികൾ പോലും കൈക്കൊണ്ടിട്ടില്ല. മൊബൈൽ ഫോൺ മാപ്പിംഗ് നടത്തുന്നതിന് പ്രത്യേക സ്പെസിഫിക്കേഷൻ ഉള്ള ഫോൺ വാങ്ങുന്നതിന് 10,000/-രൂപ കവിയാത്ത ചെലവനുവാദം തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പിന്റെ സ.ഉ(സാധാ)നം.2904/16 നമ്പരിൽ 19.10.2016 മാത്രമാണ് ലഭിച്ചതെന്ന വിശദീകരണവും പ്രസ്താവ്യമാണ്.
ആസ്തി രജിസ്റ്റർ, സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിനും M-Asset മൊബൈൽ ആപ്ലിക്കേഷനിലേയ്ക്ക് ശേഖരിക്കുന്ന വിവരങ്ങൾ, റവന്യു രേഖകളുമായി പരിശോധിച്ച് കൃത്യത ഉറപ്പ് വരുത്തിമാത്രമെ 'port'ചെയ്യുന്നുവെന്നതും സ്ഥാപന മേധാവി

ഉറപ്പ് വരുത്തേണ്ടതാണ്. ടി വിഷയത്തിൽ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും കൃത്യമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-18 ദേശീയ തൊഴിലുറപ്പ് പദ്ധതി

2015-16 സാമ്പത്തിക വർഷത്തിൽ 1892 കുടുംബങ്ങൾക്കായി 91,360 മനുഷ്യദിനങ്ങൾ തൊഴിൽ നൽകി.ഇതിൽ 559 കുടുംബങ്ങൾ 100 ദിനങ്ങൾ പൂർത്തിയാക്കി.ആകെ 1,89,27,986/-രൂപയുടെ ചെലവ് നാല് മേഖലകളിലെ പ്രവൃത്തികൾക്കായാണ് വിനിയോഗിച്ചത്.

ഭൂവികസനം – 4 എണ്ണം
ചെറുകിട ജലസേചനം - 8 എണ്ണം
ജല സംരക്ഷണം – 1 എണ്ണം
വ്യക്തിഗത പ്രവൃത്തികൾ/
ഐ.എ.വൈ ഭവന നിർമ്മാണം - 140 എണ്ണം

അപാകതകൾ

1.ആസ്തി സൃഷ്ടിക്കുന്നതിന് സഹായകരമായ പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല.
2. പൊതു സ്ഥലങ്ങളിൽ വൃക്ഷത്തൈകൾ നട്ട് പിടിപ്പിക്കൽ എന്ന പ്രവൃത്തിയിൽ തുടർ പരിപാലന പ്രവൃത്തികൾ ഉൾപ്പെടുത്താതിരുന്നതിനാൽ ചെടികളുടെ അതിജീവന തോത് ഉയർത്തുന്നതിന് സാധിച്ചിട്ടില്ല.
3.സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ അപൂർണ്ണമായതിനാൽ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമല്ല.
4.വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.
5.പ്രവൃത്തിയുടെ ഫോട്ടോകൾ പരിമിതമായതിനാൽ പ്രൊജക്ട് യോഗങ്ങൾ നടത്തിയ-തിന്റെയും, പ്രവൃത്തി സൈറ്റുകളിൽ ബോർഡ് സ്ഥാപിച്ചത് ഉറപ്പാക്കുന്നതിനും പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിനും സാധിച്ചിട്ടില്ല.
6.ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതികളുടെ ഫയലുകളിൽ ഉൾപ്പെടുത്തിയ ഫോട്ടോകളിൽ നിന്നും ഗുണഭോക്താക്കൾ യഥാർത്ഥത്തിൽ നിർമ്മാണ പ്രക്രീയയിൽ ഏർപ്പെട്ടതായി ബോധ്യപ്പെടുന്നില്ല.
മേൽ ന്യൂനതകൾ പരിഹരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമായി പദ്ധതികൾ നടപ്പിലാക്കുന്നതിനും ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 3-19 ഗുണഭോക്തൃസമിതികൾ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ യഥാർഥ ചെലവിലധികരിച്ച് തുക അനുവദിച്ചു-നഷ്ടം **84192/-**രൂപ

ഗുണഭോക്തൃ സമിതികൾ നടപ്പിലാക്കിയ താഴെ രേഖപ്പെടുത്തിയ മരാമത്ത് പ്രവൃത്തികളിൽ, സമിതി യഥാർഥത്തിൽ ചെലവാക്കിയ തുക അനുവദിക്കുന്നതിന് പകരം മൂല്യനിർണ്ണയ തുകകൾ (സംസ്ഥാന ആസൂത്രണ ബോർഡ് 1999-ൽ പുറപ്പെടുവിച്ച ഗുണഭോക്തൃ സമിതി മാർഗ്ഗ രേഖ പ്രകാരം കരാർ നിരക്കുകൾ പ്രാകാരമുള്ള ബിൽ തുകയോ, ഗുണഭോക്തൃ സമിതി യഥാർഥത്തിൽ ചെലവാക്കിയ തുകയോ, ഏതാണോ കുറവ് ആയത്

അനുവദിക്കേണ്ടതാണ്) അനുവദിച്ചതിനാൽ 72,614/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

1.വാളായിക്കോട് വാർഡിൽ സാംസ്കാരിക നിലയത്തിന് റൂഫ് - അധികം അനുവദിച്ച തുക -34721/-രൂപ
പ്രൊജക്ട് നം. 109/16
അടങ്കൽ തുക- 2,50,000/-രൂപ(മെയിന്റനൻസ് ഫണ്ട് റോഡ് ഇതരം)
കൺവീനർ- ശ്രീമതി വൽസല ,ചരുവിള വീട് ,ഇടയ്ക്കിടം
ബിൽ നം. 100/15-16 തീ. 31.3.16
എം.ബുക്ക് നം. 59/15-16
എഗ്രിമെന്റ് നം. 71/AE/l.s.g.d/egp/15-16/9.2.16

പ്രവൃത്തിയുടെ ചെലവിനങ്ങൾ ഇപ്രകാരമാണ്.
1.സിമന്റ് ബിൽ -4,100/- രൂപ
2.മറ്റ് മെറ്റീരിയൽസ് -1,20,682/-രൂപ
3.മസ്റ്റർ റോൾ -68100/-രൂപ
4.അക്കൗണ്ട് തുടങ്ങുന്നതിന് -100/-രൂപ
ആകെ 1,92,982/-രൂപയുടെ ചെലവ് മാത്രം അംഗീകരിച്ച് 5% നികുതികൾ ചേർത്ത് 2,02,630/-രൂപയിൽ നിന്നും 1% ഐ.ടി. കഴിച്ച് 191052/-രൂപ നൽകണമെന്നിരിക്കെ മൂല്യ നിർണ്ണയ തുകയായ 2,28,053.86/-രൂപ അംഗീകരിച്ച് നികുതികൾ കഴിച്ച് 2,25,773/-രൂപ കൺവീനർക്ക് അനുവദിച്ചു.
2. കോളന്നൂർ -കോണത്തുകാവ് റോഡ് കോൺക്രീറ്റിംഗ് - അധികം അനുവദിച്ച തുക -49,471/-രൂപ
പ്രൊജക്ട് നം. 124/16
അടങ്കൽ തുക- 3,50,000/-
(മെയിന്റനൻസ് ഫണ്ട്-റോഡ് -3 ലക്ഷം ,ഫിനാൻസ് കമ്മീഷൻ ഗ്രാൻറ് -50,000/-രൂപ)
കൺവീനർ- ശ്രീ.കൊച്ചുകുഞ്ഞ് ,ചേക്കോട്ട് വീട് ,കോളന്നൂർ
ബിൽ നം. 22,23/15-16 തീ. 24.2.16
എം.ബുക്ക് നം. 42/15-16
എഗ്രിമെന്റ് നം. 53/AE/l.s.g.d/egp/15-16/21.12.2015
പ്രവൃത്തിയുടെ ചെലവിനങ്ങൾ ഇപ്രകാരമാണ്.
1.സിമന്റ് ബിൽ -1,06626.35/- രൂപ
2.മെറ്റൽ - 82,500/-രൂപ
3.മസ്റ്റർ റോൾ - 90,900/-
ആകെ 2,80,026/-രൂപയുടെ ചെലവ് മാത്രം അംഗീകരിച്ച് 5%നികുതികൾ ചേർത്ത് 2,77,227/-രൂപ (1% ഐ.ടി. കഴിച്ച്) നൽകണമെന്നിരിക്കെ മൂല്യ നിർണ്ണയ തുകയായ 3,30,544/-രൂപ അംഗീകരിച്ച് നികുതികൾ കഴിച്ച് 3,26,698/-രൂപ കൺവീനർക്ക് അനുവദിച്ചു.
മേൽ രണ്ട് പ്രവൃത്തികളിലുമായി അധികം അനുവദിച്ച 84192/-രൂപ (34721+

49,471/(രൂപ) ഉത്തരവാദിയായ അസി.എൻജിനീയറിൽ നിന്നും ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക്(നം.6,7/24.11.16) ലഭിച്ച മറുപടിയിൽ 'ഇനിയും ബില്ലുകൾ വല്ലതും വിട്ടു പോയിട്ടുണ്ടെങ്കിൽ" ഹാജരാക്കുന്നതിന് കൺവീനർക്ക് അറിയിപ്പ് നൽകിയിട്ടുണ്ട് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടി മറുപടി അംഗീകരിക്കുന്നില്ല.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| സി.ഡി.പി.ഒ ബ്ലോക്ക് ഷെയർ | 2015-16 | 25000 | 8/16-ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 25000 | ഇല്ല |
| ജില്ല പഞ്ചായത്ത് | 2015-16 | 25000 | 8/16-ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 25000 | ഇല്ല |
| സി.ഡി.പി.ഒ ബ്ലോക്ക് ഷെയർ | 2015-16 | 69750 | 117/15-അംഗൻവാടികൾക്ക് ഗ്യാസ് കണക്ഷൻ | 69750 | ഇല്ല |
| ജില്ല പഞ്ചായത്ത് ഷെയർ | 2015-16 | 7500 | S009/16- നെൽകൃഷി വികസനം | 7500 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് ഷെയർ | 2015-16 | 4500 | S009/16- നെൽകൃഷി വികസനം | 4500 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് ഷെയർ | 2016-17 | 100000 | S0020/16-തെങ്ങിൻതൈ വിതരണം | 100000 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് ഷെയർ | 2016-17 | 100000 | S0021/16- പച്ചക്കറി കൃഷി വികസനം | 100000 | ഇല്ല |
| സെൻട്രൽ ഷെയർ, ശുചിത്വ മിഷൻ കൊല്ലം | 2015-16 | 120000 | 91/16- സ്വച്ഛ്ഭാരത് മിഷൻ കക്കൂസ് നിർമ്മാണ ധനസഹായം | 120000 | ഇല്ല |
| ശുചിത്വ മിഷൻ, കൊല്ലം | 2016-17 | 456000 | 91/16- സ്വച്ഛ്ഭാരത് മിഷൻ കക്കൂസ് | 456000 | |

| | | | | | |
|---|---|---|---|---|---|
| | | | നിർമ്മാണ ധനസഹായം | | |
| സി.ഡി.പി.ഒ ഓഫീസ്, കൊട്ടാരക്കര | 2015-16 | 288302 | 5/16-അംഗൻവാടി പോഷകാഹാര പദ്ധതി | 224868 | 63434 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി കൊട്ടാരക്കര വെസ്റ്റ് | 34/16 സ്ട്രീറ്റ് മെയിൻ ലൈൻ എക്സ്റ്റെൻഷൻ | 21500589/24.10.2015 | 16056 | 16056 | ഇല്ല |
| കെ.എസ്.ഇ.ബി, എഴുകോൺ | 34/16 സ്ട്രീറ്റ്മെയിൻ ലൈൻ എക്സ്റ്റെൻഷൻ | 21500987, 21500988/ 16.02.2016 | 262324 | 262324 | ഇല്ല |
| കെ.എസ്.ഇ.ബി, കൊട്ടാരക്കര വെസ്റ്റ് | 34/16 സ്ട്രീറ്റ് മെയിൻ ലൈൻ എക്സ്റ്റെൻഷൻ | 21500988/16.02.2016 | 16800 | 16800 | ഇല്ല |
| പി.ഡബ്യൂ.ഡി ബിൽഡിംഗ് സെക്ഷൻ, കൊല്ലം | 46/16, സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് വയറിംഗ് മെയിൻറനൻസ് | 21500592/24.10.2015 | 103400 | വി, തീയതി.നിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | - |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.ഡബ്യൂ.എ, കൊട്ടാരക്കര | 114/16-വാട്ടർ ടാപ്പ് ലൈൻ എക്സ്റ്റെൻഷൻ, വാർഡ് 6 | 21500555/21.10.2015 | 27000 | വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല | - |
| കെ.ഡബ്യൂ.എ, കൊട്ടാരക്കര | 114/16-വാട്ടർ ടാപ്പ് ലൈൻ | 21501123/26.03.2016 | 173000 | വനിയോഗ സാക്ഷ്യപത്രം | - |

| | | | | | |
|---|---|---|---|---|---|
| | എക്സ്റ്റെൻഷൻ അംഗൻവാടി നമ്പർ 66, 67, ഇലക്ട്രിഫിക്കേഷൻ | | | ലഭിച്ചിട്ടില്ല | |
| പി.ഡബ്യൂ.ഡി, കൊല്ലം | 164/16 അംഗൻവാടി നമ്പർ 66, 67, ഇലട്രിഫിക്കേഷൻ | 21500839/31.12.2015 | 164250 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | - |
| പി.ഡബ്യൂ.ഡി, കൊല്ലം | 165/16- നെടുമ്പായികുളം സബ്സെൻററിന് പി.ഡബ്യൂ.ഡി വഴി വൈദ്യുതീകരണം | 21501125/26.03.2016 | 112500 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | - |
| കെ.ഡബ്യൂ.എ, കൊട്ടാരക്കര | 18/16- വാട്ടർടാപ്പ് ലൈൻ എക്സ്റ്റൻഷൻ, എസ്.സി.പി | 21500716/30.11.2015 | 211032 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | - |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെൻറ്, കൊല്ലം | 82/16 ഇരുമ്പനങ്ങാട് വാർഡിൽ കുടിവെള്ള പദ്ധതി | 21500568/21.10.2015 | 58919 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | - |
| കെ.ഡബ്യൂ.എ, കൊട്ടാരക്കര | 207/16- ഉണ്ടിൽ എസ്.സി കോളനി കുടിവെള്ള പദ്ധതി | 21501173/31.03.2016 | 75000 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | - |
| കെ.ബ്യൂ.എ, കൊട്ടാരക്കര | 139/16, ആയുർവേദ ഡിസ്പെൻസ റിയ്ക്ക് വാട്ടർ കണക്ഷൻ | 21500354/24.08.2015 | 27278 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | - |
| കെ.ബ്യൂ.എ, കൊട്ടാരക്കര | 175/16-അംഗൻവാടി നമ്പർ62 ന് വാട്ടർ | 21500622/31.10.2015 | 14439 | വിനിയോഗ സാക്ഷ്യപത്രം | |

| | | | | | |
|---|---|---|---|---|---|
| | കണക്ഷൻ | | | ലഭിച്ചിട്ടില്ല | |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെൻറ്, കൊല്ലം | 161/16- ഇരുമ്പനങ്ങാട് യു.പി, എൽ.പി.എസിൽ ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെൻറ് വഴി കുഴൽ കിണർ നിർമ്മാണം | 21500651/04.11.2015 | 199660 | 198631 | 1029 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5. സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 871/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തീയതി |
|---|---|---|---|---|
| 1995-96 | ലഭ്യമല്ല | 871 | രാജീവ് | 11501103048/ 03.11.2015 |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2007-08 | 3.3 | 2010-11 | 5.4.3 | ലക്ഷംവീട് ഒറ്റവീടാക്കൽ പദ്ധതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരിഗണനയിൽ |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 62652675 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 48411554 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 156479 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1219455 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-5 | | 45800 | ശ്രീ.കോശി ഉമ്മൻ, അസി. സെക്രട്ടറി |
| 3-7 | | 22900 | ശ്രീ.കോശി ഉമ്മൻ, അസി. സെക്രട്ടറി |
| 3-12 | | 3587 | ഡോ.സൂസൻ ബ്രൂണോ, എം.ഒ, ആയുർവേദം |
| 3-19 | | 84192 | ശ്രീ.പി.അജയകുമാർ, അസി.എൻജിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 580150 | ശ്രീ.പി.എം ജോസഫ്, സെക്രട്ടറി |
| 3-3 | 144215 | പി.അജയകുമാർ, എ.ഇ |
| 3-4 | 114439 | ശ്രീമതി.ഗിരിജാഭായി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-6 | 22900 | ശ്രീ.കോശി ഉമ്മൻ, അസി. സെക്രട്ടറി |

| | | |
|---|---|---|
| 3-8 | 344951 | ശ്രീ.കോശി ഉമ്മൻ, അസി. സെക്രട്ടറി |
| 3-9 | 12800 | ശ്രീമതി ആനിയമ്മ സാമുവൽ, എച്ച്.എം |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കോശി ഉമ്മൻ, അസി. സെക്രട്ടറി | ലഭ്യമല്ല | അനഘലാസ്, (നീയർ ആശുപത്രി മുക്ക്), കുണ്ടറ |
| ഡോ.സൂസൻ ബ്രൂണോ, എം.ഒ, ആയുർവേദം | ലഭ്യമല്ല | ശ്രേയസ്, മാമൂട്, ചന്ദനത്തോപ്പ് |
| പി.അജയകുമാർ, എ.ഇ,എൽ.എസ്.ജി.ഡി | ലഭ്യമല്ല | ത്രിവേണി, കുനയിൽ, പരവൂർ ,കൊല്ലം |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1988-89 | എൽ.എഫ്.ക്യൂ.പി3-1203/14,13-6-14 |

| | |
|---|---|
| 1989-90 | എൽ.എഫ്.ക്യൂ.പി3-1203/14,13-6-14 |
| 1990-91 | എൽ.എഫ്.ക്യൂ.പി3-1203/14,13-6-14 |
| 1991-92 | എൽ.എഫ്.ക്യൂ.പി3-1203/14,13-6-14 |
| 1992-93 | എൽ.എഫ്.ക്യൂ.പി3-1203/14,13-6-14 |
| 1993-94 | എൽ.എഫ്.ക്യൂ.പി3-1203/14,13-6-14 |
| 1994-95 | എൽ.എഫ്.ക്യൂ.പി3-1203/14,13-6-14 |
| 1995-96 | എൽ.എഫ്.ക്യൂ.പി3-1203/14,13-6-14 |
| 1996-97 | എൽ.എഫ്.ക്യൂ.പി3-1203/14,13-6-14 |
| 1997-98 | എൽ.എഫ്.ക്യൂ.പി3-1203/14,13-6-14 |
| 1998-99 | എൽ.എഫ്.ക്യൂ.പി3-1203/14,13-6-14 |
| 1999-00 | എൽ.എഫ്.ക്യൂ.പി3-1203/14,13-6-14 |
| 2000-01 | എൽ.എഫ്.ക്യൂ.പി3-1203/14,13-6-14 |
| 2001-02 | എൽ.എഫ്.ക്യൂ.പി3-1203(2)/14,13-6-14 |
| 2002-03 | എൽ.എഫ്.ക്യൂ.പി3-1203(3)/14,13-6-14 |
| 2003-04 | എൽ.എഫ്.ക്യൂ.പി3-1203(4)/14,13-6-14 |
| 2004-05 | എൽ.എഫ്.ക്യൂ.പി3-1203(5)/14,13-6-14 |
| 2005-06 | എൽ.എഫ്.ക്യൂ.പി3-1203(6)/14,13-6-14 |
| 2006-07 | എൽ.എഫ്.ക്യൂ.പി3-1203(7)/14,13-6-14 |
| 2007-08 | എൽ.എഫ്.ക്യൂ.പി3-1203/14,13-6-14 |
| 2008-09 | എൽ.എഫ്.ക്യൂ.പി3-1203(8)/14,13-6-14 |
| 2009-10 | എൽ.എഫ്.ക്യൂ.പി3-1203(9)/14,13-6-14 |

| | |
|---|---|
| 2010-11 | എൽ.എഫ്.ക്യൂ.പി3-1203(10)/14,13-6-14 |
| 2011-12 | എൽ.എഫ്.ക്യൂ.പി3-1806/13,14-8-13/19-9-13 |
| 2012-13 | എൽ.എഫ്.ക്യൂ.പി3-4/2015,12-2-15 |

## 4-10 ഓഡിറ്റ് സാക്ഷ്യപത്രം

നം. കെ.എസ്.എ. കെ.എൽ.എം – പി.3 – 40 / 2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
തീയതി – 14/02/2017.

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ്

സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ എഴുകോൺ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എഴുകോൺ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക വരവ്ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,കൊല്ലം